പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3016 15/02/2013 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | റവന്യൂ ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റുകളായ വില്ലേജ് ഓഫീസുകളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കിയും ആധുനിക സാങ്കേതിക വിദ്യയിലൂടെ ഇ-ഗവേണൻസ് , എം- ഗവേണൻസ് എന്നിവയുടെ ഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് വിവിധ തരത്തിലുള്ള സേവനങ്ങൾ വേഗത്തിലും , ആധുനിക രീതിയിലും ഉറപ്പായും, ഉത്തരവാദിത്വത്തോടെയും, സുതാര്യമായും നൽകി വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റാൻ SMART - Village പദ്ധതി (Speedy , Modern , Assured, Responsible, Transparent) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പൊതുജനങ്ങൾക്ക് ഇവിടെ നിന്നും ലഭിക്കേണ്ട വിവിധ സർട്ടിഫി ക്കറ്റുകൾ ഓൺലൈനായി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ, കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ ഓൺലൈൻ വഴി അക്ഷയകേന്ദ്രങ്ങളിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും മറ്റ് ജില്ലകളിൽ ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. **ഓൺലൈൻ പെയ്മെന്റ് ഡെലിവറി ഗേറ്റ്‌വേ നടപ്പിലാക്കുന്നതോടുകൂടി പ്രസ്തുത സർട്ടിഫിക്കറ്റുകൾ പൗരൻമാർക്ക് നേരിട്ട് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്.** |

**സെക്ഷൻ ഓഫീസർ**